പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*585** **23.05.2017 ൽ മറുപടിയ്ക്ക്**

## വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം

**ചോദ്യം**
**ശ്രീ.യു. ആർ. പ്രദീപ്**
**ശ്രീമതി.വീണാ ജോർജ്ജ്**
**ശ്രീ.പി.വി. അൻവർ**
**ശ്രീ.കെ.കുഞ്ഞിരാമൻ**

**മറുപടി**
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) ജൈവകാർഷികോല്പന്നങ്ങൾക്ക് വില ഉറപ്പാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരളയുടെ പ്രവർത്തനം എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

എ) കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നല്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക കർഷക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു. ബംഗ്ളൂരു ആസ്ഥാനമായുള്ള RCOF (Regional Centre for Organic Farming) കേരളത്തിലെ പഴം പച്ചക്കറി മേഖലയിലെ ജൈവകൃഷിയുടെ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള RC (Regional Council) ആയി വി.എഫ്.പി.സി.കെ യെ അംഗീകരിച്ചിട്ടുണ്ട്. ഇതേ തുടർന്ന് കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജൈവകൃഷിയോടു താൽപര്യമുള്ള കർഷകരുടെ 213 ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 1500 കർഷകരോളം വരുന്ന ഈ സംഘങ്ങൾ വഴി 725 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കി വരുന്നു.

രജിസ്റ്റർ ചെയ്ത എല്ലാ കർഷകരെയും ഉൾപ്പെടുത്തി ഗ്രൂപ്പുതല മീറ്റിങ്ങുകളും പി.ജി.എസ് നെ കുറിച്ചുള്ള പരിശീലനങ്ങളും സംഘടിപ്പിച്ച വി.എഫ്.പി.സി.കെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ എല്ലാ കൃഷിയിടങ്ങളും പരിശോധിച്ച് വിലയിരുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കർഷക ഗ്രൂപ്പ് മീറ്റിങ്ങുകളിൽ ചർച്ച ചെയ്ത് ഓരോ കർഷകന്റേയും കൃഷി രീതികളും കൃഷിയിടവും

പി.ജി.എസ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നു. ഇത്തരത്തിൽ യോഗ്യരായ കർഷകരുടെ പട്ടിക കൗൺസിലിൽ ഉണ്ട്. അത് പരിശോധിച്ച് പി.ജി.എസ് ഗ്രീൻ (PGS Green) എന്ന സർട്ടിഫിക്കേഷൻ ജൂലൈ മാസത്തോടെ നൽകുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിനു ശേഷം രണ്ട് വർഷക്കാലം മേൽപ്പറഞ്ഞ കർഷകരുടെ കൃഷിത്തോട്ട സന്ദർശനവും വില യിരുത്തലുകളും നടത്തി പി.ജി.എസ് ഓർഗാനിക് (PGS Organic) സർട്ടിഫിക്കേഷൻ നൽകുന്നതാണ്.

ജൈവ ഉല്പന്നങ്ങൾക്ക് പ്രീമിയം വില ലഭ്യമാക്കുന്നതിനായി പ്രൊഡക്ഷൻ സബ്സിഡിയായി കിലോയ്ക്ക് രണ്ടു രൂപ നിരക്കിൽ സഹായം നൽകുന്നു. കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്ന തിനുള്ള പ്രൊഡക്ഷൻ സബ്സിഡിക്കുമായി 70 ലക്ഷം രൂപ 2016-17 വർഷം വകയിരുത്തിയിട്ടു ണ്ടായിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ജൈവ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ 1200 ടൺ ഉല്പന്ന ങ്ങൾക്ക് 60 ലക്ഷം രൂപയും, ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർട്ടിഫി ക്കേഷനുമായി 55 ലക്ഷം രൂപയും, PGS Organic Certification and crop production in Kasargod എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

ബി) പഴം-പച്ചക്കറി കൃഷിക്ക് വായ്പ ലഭ്യമാക്കുന്നതിനും വിത്ത്, വളം, കാർഷികോപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനും സ്ഥാപനത്തിന് സാധ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ബി) കൗൺസിലിന്റെ വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി പഴം പച്ചക്കറി കർഷകർക്ക് വായ്പാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട് വി.എഫ്.പി.സി.കെയും ബാങ്കുകളുമായുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കിസാൻ ക്രെഡിറ്റ് കാർഡ് സ്കീമിൽ വായ്പ ലഭ്യമാക്കി വരുന്നു അതാത് വർഷങ്ങളിൽ DLTC (Distrct Level Technical Committee) നിശ്ചയിക്കുന്ന വായ്പാ തോതിനനുസരിച്ചാണ് ഓരോ വിളയ്ക്കും വായ്പ ലഭ്യമാക്കുന്നത്. പാട്ടകൃഷി ക്കാർക്കും ഈ പദ്ധതിയിൽ വായ്പ ലഭ്യമാക്കുന്നു. 2016-17 സാമ്പത്തിക വർഷം 70 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. കൃത്യമാ യി ലോൺ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2% പലിശ സബ്സിഡിയും നല്കിയിട്ടുണ്ട്.

**നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും**

- ആലത്തൂരിലുള്ള വിത്ത് സംസ്ക്കരണശാല, കൗൺസിൽ ആസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന കൃഷി ബിസിനസ്സ് കേന്ദ്ര, ഹരിതനഗരി യൂണിറ്റ് എന്നിവ വഴി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അത്യുല്പാദന ശേഷിയുള്ള 55 ലക്ഷം പച്ചക്കറി തൈകളും 68.3 മെട്രിക് ടൺ പച്ചക്കറി വിത്തും സംസ്കരണശാല വഴി വിതരണം നടത്തിയിട്ടുണ്ട്
- വിത്ത് സംസ്ക്കരണശാലയിൽ പ്രവർത്തനസജ്ജമാക്കിയിട്ടുള്ള ടിഷ്യുക്കൾച്ചർ ലാബിൽ നിന്നും 6.56 ലക്ഷം ടിഷ്യുക്കൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തു.
- ഫലവൃക്ഷങ്ങളുടെ 5.24 ലക്ഷം ഗ്രാഫ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്

**വളം വിതരണം**

കൗൺസിലിന്റെ കാസർഗോഡ്, എറണാകുളം, തിരുവനന്തപുരം, എന്നിവിടങ്ങളിലെ കൃഷി ബിസിനസ്സ് കേന്ദ്രകൾ വഴി ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവ കീടനാശിനികൾ എന്നിവയടങ്ങുന്ന സസ്യ സംരക്ഷണ ഉല്പാദനോപാധികൾ വിപണനം ചെയ്തു വരുന്നു. കൂടാതെ ചാണകപ്പൊടി, വെർമി കമ്പോസ്റ്റ്, ഇ.എം കമ്പോസ്റ്റ് എന്നിവ കൗൺസിലിന്റെ കർഷകരെക്കൊണ്ട് ഉല്പാദിപ്പിച്ച് കെ.ബി.കെ വഴി വിതരണം ചെയ്യുന്നുണ്ട്

**കാർഷികോപകരണങ്ങളുടെ വിതരണം**

സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, കേരള സർക്കാർ സമഗ്ര പച്ചക്കറികൃഷി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 6846 കർഷകർക്ക് ബ്രഷ് കട്ടർ, സപ്രെയർ, വീൽ ബാരോ, പവർ ടില്ലർ എന്നിവ വിതരണം ചെയ് തിട്ടുണ്ട്.

S. [signature]

**സെക്ഷൻ ഓഫീസർ**